പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2221

08.03.2017 - ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്ക് സർവീസ് സഹകരണ ബാങ്ക്, പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക്, ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക്, കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നടന്ന ക്രമക്കേടുകളും ധനാപഹരണവും സംബന്ധിച്ച് വകുപ്പുതല അന്വേഷണം പൂർത്തിയായോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നം.707 ന്റെ തഴക്കര ശാഖയിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നു വരുന്നു. കൂടാതെ സഹകരണ വിജിലൻസിന്റെ അന്വേഷണവും നടന്നു വരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.<br>പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ വകുപ്പ് 68 (1) പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ വകുപ്പ് 32 (1) പ്രകാരം ബാങ്ക് ഭരണ സമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും ബഹു.ഹൈക്കോടതി ടി നടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി. ക്രമക്കേടുകൾ സംബന്ധിച്ച് പട്ടണക്കാട് പോലീസ് സ്റ്റേഷനിൽ 1129/16 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ബാങ്കിന് ഉണ്ടായ സാമ്പത്തിക നഷ്ടം തിരികെ ഈടാക്കുന്നതിന് എതിർ കക്ഷികളുടെ സ്ഥാവര വസ്തുക്കൾ ജപ്തി ചെയ്തിട്ടുണ്ട്. നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 974 ൽ ഉപയോഗശൂന്യമായ വസ്തു (ഭൂമി) യഥാർത്ഥ വിലയെക്കാൾ 5 മടങ്ങോളം |

| | |
|---|---|
| | അധിക വില നൽകി വാങ്ങുക വഴി 14,40,000/- രൂപയുടെ നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയും ബാങ്കിന് നഷ്ടമുണ്ടായ തുക ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബാങ്ക് ഭരണ സമിതി ബഹു.ഹൈക്കോടതിയിൽ WP(C) 40796/16, 30/17, 3456/17 എന്നിങ്ങനെ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ഹൈക്കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള സ്പെഷ്യൽ റിപ്പോർട്ട് പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ പോലീസ് ചീഫിന് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ ബാങ്കിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ